## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.285 | 07.10.2016-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമപെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുക; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 2015 ഏപ്രിൽ മാസം മുതൽ ഡിബിടി സംവിധാനത്തിലൂടെയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ക്ഷേമപെൻഷനുകൾ വിതരണം ചെയ്ത് വരുന്നത്. ഈ സംവിധാനത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക്, പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലൂടെയും, ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് പെൻഷൻ വിതരണം ചെയ്തിരുന്നത്. എന്നാൽ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി നൽകിയ പെൻഷനുകളുടെ വിതരണത്തിൽ വളരെയധികം കാലതാമസം നേരിടുകയും തുടർന്ന് തപാൽ വകുപ്പ് ഈ മാർഗ്ഗത്തിലൂടെ വിതരണത്തിനായി പണം സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ പ്രസ്തുത വിതരണ രീതി സ്വീകരിച്ചിരുന്ന 18.63 ലക്ഷം ഗുണഭോക്താക്കൾക്ക് മാസങ്ങളോളം പെൻഷൻ മുടങ്ങുകയും ചെയ്തു. ഇവർക്ക് 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള പെൻഷൻ ചെക്കായി വിതരണം ചെയ്യുകയും ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി സ്വീകരിക്കാൻ അവസരം നൽകുകയും ചെയ്തിരുന്നു. അതിന് ശേഷവും പോസ്റ്റോഫീസ് ബാങ്ക് അക്കൗണ്ടിൽ തന്നെ തുടർന്ന് പോന്ന ഗുണഭോക്താക്കൾക്ക് 2016 ജനുവരി മുതൽ പെൻഷൻ ലഭിച്ചിരുന്നില്ല. ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുള്ള പെൻഷൻ വിതരണത്തിലും ഗുണഭോക്താക്കൾക്ക് അയച്ചുകൊടുത്ത പെൻഷൻ ലഭിക്കുന്നതിന് മാസങ്ങളോളം കാലതാമസം വന്നു. കൂടാതെ, വിതരണം ചെയ്തതും മടങ്ങി വന്നതുമായ തുകയുടെ വിവരവും ലഭിച്ചിരുന്നില്ല. ബാങ്ക് അക്കൗണ്ട് മുഖേനയുള്ള വിതരണത്തിലും തുക ലഭിക്കുന്നതിന് ഗുണഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതികളുണ്ടായി. ഇതിന് പുറമേ പെൻഷൻ വിതരണം നടത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ സൂക്ഷിച്ചിട്ടുള്ള ഡാറ്റാബേസിൽ ധാരാളം തെറ്റുകൾ കടന്നു |

| | | | |
|---|---|---|---|
| | | | കൂടിയിട്ടുള്ളതിനാൽ നിരവധി ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിക്കാത്ത അവസ്ഥയുമുണ്ടായി. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഡാറ്റാബേസിലെ തെറ്റുകൾ കണ്ടെത്തുന്നതിനും ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ട് വീടുകളിൽ എത്തിക്കുന്നതിനായി ഗുണഭോക്താക്കളുടെ ഓപ്ഷൻ സ്വീകരിക്കുന്നതിനുമായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ, തിരഞ്ഞെടുത്ത കുടുംബശ്രീ പ്രവർത്തകർ മുഖേന സർവ്വേ നടത്തുകയും സർവ്വേയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ ലഭിക്കണമെന്ന് ആവശ്യപ്പെട്ടവർക്ക് ബാങ്ക് അക്കൗണ്ട് മുഖേനയും മറ്റുള്ളവർക്ക് പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും കുടിശ്ശിക ഉൾപ്പെടെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | വിവിധ ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിച്ചു നൽകുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (ബി) | ക്ഷേമ പെൻഷൻ വീടുകളിൽ എത്തിച്ച് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ സർവ്വേയിൽ പെൻഷൻ വീടുകളിൽ ലഭിക്കണമെന്ന് ആവശ്യപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക ജില്ലാ സഹകരണ ബാങ്കുകൾ മുഖേനയും ഗുണഭോക്താക്കളുടെ വിവരങ്ങളും നൽകേണ്ട തുകയും അടങ്ങുന്ന ലിസ്റ്റ് പ്രത്യേക വെബ്സൈറ്റ് മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കുകയും തുക പ്രാഥമിക സഹകരണ ബാങ്ക്/ സംഘത്തിലെ ജീവനക്കാർ ഗുണഭോക്താക്കൾക്ക് നേരിട്ട് വീടുകളിൽ എത്തിച്ച് നൽകുകയും ചെയ്യുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയത്. വിതരണത്തിനായി തുക അനുവദിക്കുന്ന മുറയ്ക്ക്, അനുവദിച്ച തുക, പ്രാഥമിക സഹകരണ സംഘത്തിന്റെ പേര്, വിതരണത്തിന് ചുമതലപ്പെടുത്തിയ ജീവനക്കാരന്റെ പേര്, മൊബൈൽ ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ടെലിഫോൺ മുഖേന വിവരങ്ങൾ ലഭിക്കുന്നതിന് സിറ്റിസൺ കാൾ സെന്റർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഇൻഫർമേഷൻ കേരള മിഷൻ എന്നിവിടങ്ങളിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. പെൻഷൻ വിതരണം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| (സി) | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെയെല്ലാം ആധാർ വിവരങ്ങൾ ലിങ്ക് ചെയ്തിട്ടുണ്ടോ; അർഹരായ വർക്ക് തന്നെയാണ് ക്ഷേമ പെൻഷൻ ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ക്ഷേമപെൻഷൻ അനുവദിച്ചിട്ടുള്ള ക്ഷേമപെൻഷൻ ഗുണഭോക്താക്കളിൽ 85% പേരുടെ ആധാർ വിവരങ്ങൾ ശേഖരിച്ച് ഡാറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അർഹത സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷകർ അർഹരാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് നൽകുകയും പെൻഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കാനിടയാകുന്നപക്ഷം കാരണക്കാരായ ഉദ്യോഗസ്ഥർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, വിവിധ ക്ഷേമപെൻഷനുകളുടെയും, ക്ഷേമനിധി പെൻഷനുകളുടെയും സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ